**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5291** 27.07.2015-ൽ മറുപടിയ്ക്ക്

## റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, ആർ.സെൽവരാജ്**<br>**,, എം.പി.വിൻസെന്റ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; | (ബി) അപകടനിരക്ക്, അപകടമരണം, ഗതാഗത കുരുക്ക് എന്നിവ കുറയ്ക്കുക, റോഡ് ഉപഭോക്താക്കളുടെ സുരക്ഷ പരമാവധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ? | (സി) പദ്ധതികൾ നടപ്പിലാക്കാനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് റോഡ് സുരക്ഷാ സെൽ, ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല അവലോകന യോഗം എന്നീ സംവിധാനങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, KSTP പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിലെ കഴക്കൂട്ടം-തൈക്കോട്-അടൂർ 80 കി.മീ.റോഡ് "ഒരു മോഡൽ സേഫ്റ്റി കോറിഡോർ " ആക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മാതൃക മറ്റ് റോഡുവികസന പദ്ധതികളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ